പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2138 23.03.2012 ൽ മറുപടിയ്ക്ക്

വയലാർ ഐ.റ്റി.ഐ.യ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഐ.റ്റി.ഐ.കൾക്ക് ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് പറയുമോ ; | (എ) ത്രീഫേസ് കണക്ഷൻ ലഭിക്കുന്നതിന് സാധാരണ അപേക്ഷകൻ പാലിക്കേണ്ട നടപടിക്രമങ്ങൾ തന്നെയാണ് സർക്കാർ ഐ.റ്റി.ഐയും സ്വീകരിക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) ഇത്തരം സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര രൂപയാണ് സി.ഡി., ഒ.വൈ.ഇ.സി എന്നീ ഇനങ്ങളിലായി കെ.എസ്.ഇ.ബി.ക്ക് നൽകേണ്ടത് ; | (ബി) കണക്ടഡ് ലോഡിന് ആനുപാതികമായി ഒരുകിലോവാട്ടിന് 1000/-രൂപ പ്രകാരം ഇത്തരം സ്ഥാപനങ്ങൾ സി.ഡി. അടയ്ക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷകൻ വാടകകാരനാണെങ്കിൽ സാധാരണ സി.ഡിയും അത്രയും തന്നെ സ്പെഷ്യൽ സി.ഡിയും അടയ്ക്കേണ്ടതുണ്ട്. |
| (സി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.റ്റി.ഐ.കളുടെ കാര്യത്തിൽ സ്പെഷ്യൽ സി.ഡി അടയ്ക്കേണ്ടത് ആരാണ് ; | (സി) അപേക്ഷകൻ തന്നെയാണ് സ്പെഷ്യൽ സി.ഡി അടയ്ക്കേണ്ടത്. |
| (ഡി) സ്വകാര്യകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വയലാർ ഗവൺമെന്റ് ഐ.റ്റി.ഐ.യുടെ ത്രീ ഫേസ് വൈദ്യുതി കണക്ഷനുവേണ്ടി11,000/- രൂപ സ്പെഷ്യൽ സി.ഡി അടയ്ക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നതും, അതിനു പണമില്ലാതെ സ്ഥാപനം ബുദ്ധിമുട്ടുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) സ്ഥാപനത്തിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് സൗജന്യമായി ട്രെയിനിംഗ് | (ഇ) |

(........2)

നൽകുന്ന സർക്കാർസ്ഥാപനം എന്ന നിലയിൽ, വയലാർ ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ സി.ഡി ഒഴിവാക്കി ത്രീ ഫേസ് കണക്ഷൻ നൽകുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ?

(ഇ) പ്രസ്തുത ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിട ഉടമയായ കളവംകോട് സർവ്വീസ് സഹകരണ ബാങ്ക് ശാഖ പ്രസിഡന്റ് ശ്രീ.സി.ഡി.ചന്ദ്രൻ അപേക്ഷിച്ചിട്ടുള്ളതും 15/03/2012 മുതൽ ത്രീ ഫേസ് സർവ്വീസ് കണക്ഷൻ നൽകിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

(അനുബന്ധം
Q. No. 2138

# കേരള സംസ്ഥാന വൈദ്യുതി ബോർഡ്

## സർവ്വീസ് കണക്ഷൻ അപേക്ഷകനുള്ള നിർദ്ദേശങ്ങൾ

കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനത്തിന്റെ മാന്യ ഉപഭോക്താവ് എന്ന നിലയിൽ താങ്കളെ സ്വാഗതം ചെയ്യുന്നു. അപേക്ഷ ഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി നിർദ്ദേശങ്ങൾ ശ്രദ്ധാപ്പൂർവ്വം വായിക്കുക. സംശയനിവാരണത്തിനായി അപേക്ഷകർ അസിസ്റ്റന്റ് എഞ്ചിനീയറുമായി നേരിട്ടു ബന്ധപ്പെടേണ്ടതാണ്. അപേക്ഷയിൽ എല്ലാ വിവരവും ഉൾക്കൊള്ളിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫോട്ടോകോപ്പികൾ സമർപ്പിക്കുമ്പോൾ അസ്സൽരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കണം. ഇവ പരിശോധനയ്ക്ക് ശേഷം മടക്കി നൽകുന്നതാണ്.

സർവ്വീസ് കണക്ഷനുള്ള അപേക്ഷ നിശ്ചിത ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഒപ്പുവയ്ക്കേണ്ടതുണ്ട്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഐഡന്റിറ്റി തെളിയിക്കുന്നതിനായി ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖകൾ ഹാജരാക്കണം. അപേക്ഷകന് നേരിട്ട് ഹാജരാകാൻ സാധിക്കാത്ത പക്ഷം കെ.എസ്.ഇ.ബി.യിലെ ഓഫീസറോ, അല്ലെങ്കിൽ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ അപേക്ഷകന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഇലക്ട്രിക് കണക്ഷൻ നൽകുന്നതാണ് എന്നാൽ ബോർഡിന്റേതല്ലാത്ത കാരണങ്ങളാൽ കണക്ഷൻ വിച്ഛേദിക്കുകയോ നീക്കം ചെയ്യുകയോ വേണ്ടിവരികയാണെങ്കിൽ നിശ്ചിത കാലത്തേക്ക് ഉപഭോക്താവ് മിനിമം ചാർജ് അടയ്ക്കേണ്ടതാണ്.

വാടകക്കാരന്റെ പേരിൽ വൈദ്യുത കണക്ഷൻ നൽകുന്ന അവസരത്തിൽ കരുതൽ നിക്ഷേപം (CD) ഇരട്ടി നിരക്കിൽ നൽകേണ്ടതാണ്. ഇത് അധിക കരുതൽ നിക്ഷേപത്തിനും (ACD) ബാധകമാണ്.

വസ്തുതകൾ മറച്ചുവച്ചോ, കൃത്രിമമായി സമ്മതപത്രം ചമച്ചോ സർവ്വീസ് കണക്ഷൻ നേടിയതായി ഏതെങ്കിലും ഘട്ടത്തിൽ ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ സർവ്വീസ് കണക്ഷനു വേണ്ടിയുള്ള ഉടമ്പടി അവസാനിപ്പിക്കുന്നതും സർവ്വീസ് കണക്ഷൻ നീക്കം ചെയ്യുന്നതും ഉപഭോക്താവ് ബോർഡിൽ അടച്ചിട്ടുള്ള തുക കണ്ടുകെട്ടുന്നതും ആയിരിക്കും.

### അപേക്ഷാ ഫോറം പൂരിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

- ലോ ടെൻഷൻ കണക്ഷന് അപേക്ഷിക്കുന്നവർ സിംഗിൾ ഫേസ് / ത്രീഫേസ് ഇവയിലേതാണ് ആവശ്യം എന്ന് വ്യക്തമാക്കുക. ആകെ കണക്റ്റഡ് ലോഡ് 5000 വാട്ടിന് മുകളിലാണെങ്കിൽ ത്രീഫേസ് കണക്ഷൻ മാത്രമേ നൽകുകയുള്ളൂ. ഗാർഹിക ആവശ്യത്തിനായി വൈദ്യുത കണക്ഷൻ എടുക്കുമ്പോൾ ആ സ്ഥലത്ത് ത്രീ ഫേസ് ലൈൻ നിലവിൽ ഇല്ലെങ്കിൽ ത്രീഫേസ് ലൈൻ പിന്നീട് വരുന്ന മുറയ്ക്ക് ത്രീ ഫേസ് കണക്ഷൻ എടുത്തുകൊള്ളാം എന്ന രേഖാമൂലമുള്ള ഉറപ്പിൻമേൽ 5000 വാട്ടിന് മുകളിൽ ലോഡ് ഉള്ളവർക്കും സിംഗിൾ ഫേസ് കണക്ഷൻ നൽകുന്നതാണ്. (അപേക്ഷാഫോറം ഇനം 13).
- ഇലക്ട്രിസിററി ആക്ട് 2003, 46 ാം വകുപ്പു പ്രകാരം വൈദ്യുത കണക്ഷൻ നൽകുവാൻ ചിലവാകുന്ന തുക റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്നതാണ്. ഇപ്രകാരം അംഗീകരിച്ച തുക (ഒ.വൈ.ഇ.സി) അടച്ച ഉപഭോക്താക്കൾക്ക് മുൻഗണനാ ക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്. (അപേക്ഷാഫോറം ഇനം 15 & 19)
- കണക്ഷൻ നൽകുന്നതിന് പുതുതായി ഓവർഹെഡ് ലൈൻ വലിക്കേണ്ടതോ. നിലവിലുള്ള ലൈനിൽ ഫേസുകൂട്ടിച്ചേർക്കേണ്ടതോ, അധികമായി പോസ്റ്റ് സ്ഥാപിക്കേണ്ടതോ ഉണ്ടോ എന്ന് വ്യക്തമാക്കുക. നിലവിലുള്ള പോസ്റ്റിൽ നിന്ന് 35 മീറ്ററിനപ്പുറത്താണ് എനർജി മീറ്റർ സ്ഥാപിക്കേണ്ടത് എങ്കിൽ ഓവർഹെഡ് ലൈൻ ആവശ്യമായി വരും. തെരുവ് വിളക്കിനായുള്ള ലൈനുകൾ മാത്രം ഉള്ളപ്പോഴും സിംഗിൾ ഫേസ് ലൈൻ മാത്രം ഉള്ള സ്ഥലങ്ങളിൽ ത്രിഫേസ് കണക്ഷൻ ആവശ്യമുള്ളപ്പോഴും ഫേസ് കൂട്ടിചേർക്കൽ വേണ്ടിവരും. മറ്റു വ്യക്തികളുടെ പുരയിടങ്ങളിൽ കൂടി ലൈൻ ക്രോസ് ചെയ്യുന്നത് ഒഴിവാക്കുന്നതിനും നിയമാനുസൃതമായ ക്ലിയറൻസ് ഉറപ്പാക്കുന്നതിനും വേണ്ടി പോസ്റ്റ് അധികമായി ഉപയോഗിക്കേണ്ടി വരും. ഈ കാര്യങ്ങൾ ബാധകമാണോ അല്ലയോ എന്നും ഉറപ്പില്ലെങ്കിൽ 'അറിയില്ല' എന്നതും ടിക്ക് ചെയ്യുക. (അപേക്ഷാഫോറം ഇനം 17)
- വാടകക്കാരനായ അപേക്ഷകന് കെട്ടിടഉടമയിൽ നിന്നുള്ള സമ്മതപത്രം ലഭ്യമാക്കാനായില്ല എങ്കിൽ നിശ്ചിത ഫോറത്തിൽ നഷ്ടോത്തരവാദ പത്രം (ഇൻഡമിനിറ്റി ബോണ്ട്) ഹാജരാക്കി അധിക ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. (അപേക്ഷാഫോറം ഇനം 20 b)
- അപേക്ഷകന് ലൈൻ കടന്നു പോകുന്ന ഭൂഉടമകളിൽ നിന്ന് അനുമതി പത്രം ലഭ്യമാക്കാനായില്ലെങ്കിൽ വൈദ്യുതി ബോർഡിന് ഡിസ്ട്രിക്റ്റ് കളക്ടർ /അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് ആവശ്യമായ ഉത്തരവ് ലഭ്യമാക്കേണ്ടതായി വരും. ഇതിനുവേണ്ട ചെലവും കാലതാമസവും ഉപഭോക്താവ് വഹിക്കേണ്ടതും ഇൻഡമിനിറ്റി ബോണ്ട് ഹാജരാക്കേണ്ടതും ആണ്. (അപേക്ഷാഫോറം ഇനം 21 c)
- ലോടെൻഷൻ കണക്ഷനുവേണ്ടിയുള്ള അപേക്ഷഫോറത്തിൽ 50 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിക്കേണ്ടതും ഹൈടെൻഷൻ സർവ്വീസ് അപേക്ഷകർ അമ്പതുരൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പുവയ്ക്കേണ്ടതുമാണ്.

### ലോടെൻഷൻ സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1 ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്

2 ഉടമസ്ഥാവകാശ സർട്ടഫിക്കറ്റ് / അംഗീകരിച്ച പ്ലാൻ /കെട്ടിടപെർമിറ്റ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് ഇതിൽ ബാധകമായത് ഏതാണോ അത്) അംഗീകരിച്ച പ്ലാൻ /പെർമിറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗാർഹിക ആവശ്യത്തിനായി നിർമ്മിച്ചതെന്ന് ബോധ്യപ്പെടുന്ന കെട്ടിടത്തിന് സർവ്വീസ് കണക്ഷൻ നൽകുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങൾക്കായും അംഗീകരിച്ച പ്ലാൻ / പെർമിറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ കണക്ഷൻ

ലഭിക്കും. മറ്റുള്ളവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകിയ കെട്ടിട നമ്പർ ഹാജരാക്കണം. പുറത്തുനിന്ന് വെവ്വേറെ വഴിയും വയറിംഗും ഉണ്ടെങ്കിൽ വിവിധ നിലകൾക്ക് ഗാർഹികാവശ്യത്തിനായി വെവ്വേറെ കണക്ഷൻ ലഭിക്കുന്നതാണ്.

- കേബിൾ ടി.വി ഓപ്പറേറ്റർ സ്ഥാപിക്കുന്ന ആംപ്ലിഫയർ, കിയോസ്കുകൾ എന്നിവയ്ക്ക് PWD/NH/റവന്യൂ വകുപ്പ്/ സ്ഥലഉടമ തുടങ്ങി കിയോസ്ക് സ്ഥാപിക്കപ്പെട്ട വസ്തുവിന്റെ അവകാശക്കാരൻ സമ്മതപത്രം നൽകുന്നു എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന കെട്ടിട / സ്ട്രക്ച്ചർ നമ്പറുകൾ ഇല്ലാതെ തന്നെ കണക്ഷൻ ലഭിക്കുന്നതാണ്.

- കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ള സെല്ലുലാർ ടവറുകളിലേക്ക് കണക്ഷൻ നൽകേണ്ടി വരുമ്പോൾ ഇൻസ്റ്റലേഷൻ സ്ഥാപിക്കുന്ന വസ്തു ഉടമയുടെ അനുമതി പത്രവും ടവർ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകിയ സമ്മതപത്രവും ഹാജരാക്കുന്ന പക്ഷം പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ തന്നെ വൈദ്യുത കണക്ഷൻ നൽകുന്നതാണ്.

- കെട്ടിടത്തിന്റെ മുകളിലോ റോഡിന്റെ വശത്തോ സ്ഥാപിച്ച പരസ്യ ബോർഡുകൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കെട്ടിട / സ്ട്രക്ച്ചർ നമ്പർ കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(1) പരസ്യ ബോർഡിന്റെ സമീപത്തായി അപേക്ഷകന്റെ ചെലവിൽ കിയോസ്ക് സ്ഥാപിച്ച് എനർജി മീറ്റർ സ്ഥാപിക്കണം.

(2) മീറ്റർ കേടാകുകയാണെങ്കിൽ ഉപഭോക്താവിന്റെ ചെലവിൽ മാറ്റി വയ്ക്കേണ്ടതാണ്.

(3) പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് / നാഷണൽ ഹൈവേ / റവന്യൂ അധികാരികൾ/ ബന്ധപ്പെട്ട മറ്റ് അധികാരികൾ അല്ലെങ്കിൽ സ്ഥലഉടമ ഇവരിൽ നിന്ന് കിയോസ്ക് സ്ഥാപിക്കുന്നതിന് / സ്ഥാപിച്ചതിന് ലഭിച്ച രേഖാമൂലമുള്ള അനുമതി ഹാജരാക്കണം.

(4) പരസ്യബോർഡ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകിയ അനുമതി പത്രം ഹാജരാക്കണം.

3 ഉപകരണങ്ങൾ ഘടിപ്പിച്ചതിന്റെ വിശദവിവരം ബിൽഡിംഗ് പ്ലാനിൽ രേഖപ്പെടുത്തിയ സ്കെച്ച്.

4 കപ്പാസിറ്റർ ബാങ്കുകളുടെ ടെസ്റ്റ് സർട്ടിഫിക്കറ്റ്. (ബാധകമെങ്കിൽ)

5 എനർജി മീറ്ററിന്റെ ടെസ്റ്റ് സർട്ടിഫിക്കറ്റും മാറ്റി വയ്ക്കുന്നതു സംബന്ധിച്ച ഉടമ്പടി പത്രവും

ഉപഭോക്താവ് എനർജിമീറ്റർ വാങ്ങുകയാണെങ്കിൽ അതിന്റെ ടെസ്റ്റ് സർട്ടിഫിക്കറ്റും മീറ്റർ കേടാകുകയോ റേറ്റിംഗ് മാറേണ്ടിവരികയോ ചെയ്യുകയാണെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ നിർദ്ദേശാനുസരണം മീറ്റർ മാറ്റിവയ്ക്കാമെന്ന ഉടമ്പടിയും അപേക്ഷയോടൊപ്പം നൽകണം.

6 ഉപഭോക്താവിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരണ സർട്ടിഫിക്കറ്റ്.

നിർദ്ദിഷ്ട ഫോർമാറ്റിൽ വയറിംഗ് സൂപ്പർവൈസർ അഥവ കോൺട്രാക്ടർ ഉപഭോക്താവിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകണം. ആവശ്യമെങ്കിൽ ഇതിന്റെ വിശദവിവരം പ്രത്യേക പേപ്പറിൽ നൽകാവുന്നതാണ്. ആദ്യപ്ലാനിനും നിലവിൽ രേഖപ്പെടുത്തിയ വയറിംഗ് ഡയഗ്രത്തിനും കണക്റ്റഡ് ലോഡിനും മാറ്റമില്ലെങ്കിൽ താരിഫ് മാറ്റം, ഉടമസ്ഥാവകാശ മാറ്റം എന്നിവയ്ക്കുവേണ്ടിയുള്ള അപേക്ഷയോടൊപ്പം വയറിംഗ് കോൺട്രാക്ടർ സൂപ്പർവൈസർ വയർമാൻ എന്നിവരിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. മറ്റെല്ലാ കാര്യങ്ങൾക്കും അംഗീകൃത വയർമാൻ, സൂപ്പർവൈസർ, കോൺട്രാക്ടർ എന്നിവരിൽ നിന്ന് സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

7 അപേക്ഷകൻ പ്രത്യേക മുൻഗണന (ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി) അവകാശപ്പെടുന്നു എങ്കിൽ ബന്ധപ്പെട്ട രേഖകൾ.

8 അനുവാദം / അധികാരപ്പെടുത്തൽ / അനുമതി

(1) ഭൂഉടമകളുടെ അനുവാദപത്രം

ഒരു ഉപഭോക്താവിന് ഇലക്ട്രിക് കണക്ഷൻ നൽകുന്നതിനായി പവർലൈൻ, ഭൂഗർഭകേബിൾ, വെതർപ്രൂഫ് വയർ ഇവ മറ്റ് പുരയിടങ്ങളിലൂടെ കടന്നു പോകുന്നെങ്കിൽ പ്രസ്തുത ഉടമകളുടെ അനുവാദപത്രം ഹാജരാക്കേണ്ടതും സാധിക്കാത്ത പക്ഷം നഷ്ടോത്തരവാദിത്വ ബോണ്ട് (ഇൻഡമിനിറ്റി ബോണ്ട്) ഹാജരാക്കേണ്ടതും പ്രത്യേക നിക്ഷേപം കെട്ടിവയ്ക്കേണ്ടതും ആണ്. എത്ര പുരയിടങ്ങൾ കടന്നു പോകുന്നെങ്കിലും ഈ നിക്ഷേപം ഒരിക്കൽ മാത്രം നൽകിയാൽ മതിയാകും. എന്നാൽ ഇൻഡമിനിറ്റി ബോണ്ട് ലൈൻ കടന്നുപോകുന്ന ഓരോ പുരയിടത്തിനും പ്രത്യേകം പ്രത്യേകം നൽകേണ്ടതാണ്.

(2) കെട്ടിട ഉടമസ്ഥന്റെ അനുമതി

അപേക്ഷകൻ വാടകക്കാരനാണെങ്കിൽ കെട്ടിട ഉടമയിൽ നിന്നുള്ള അനുമതി പത്രം ഹാജരാക്കേണ്ടതും സാധിക്കാത്ത പക്ഷം ഇൻഡമിനിറ്റി ബോണ്ട് നൽകേണ്ടതും നിക്ഷേപത്തിന് തുല്യമായ തുക പ്രത്യേക ഡെപ്പോസിറ്റ് ആയി നൽകേണ്ടതുമാണ്.

(3) സംസ്ഥാന ഗവൺമെന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള അനുവാദം

സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള നദി, കനാൽ, കുളം എന്നിവയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിനു വേണ്ടിയാണ് വൈദ്യുതിക്ക് അപേക്ഷിക്കുന്നത് എങ്കിൽ സംസ്ഥാന ഗവൺമെന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികൾ നൽകുന്ന 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ഹാജരാക്കണം.

(4) പൊതുമേഖലാ ധനസഹായ സ്ഥാപനങ്ങളുടെ സഹായത്തോടെ കാർഷികാവശ്യത്തിന് സ്ഥാപിക്കുന്ന പമ്പ് സെറ്റുകൾക്ക് വേണ്ടി സർവ്വീസ് കണക്ഷന് അപേക്ഷിക്കുമ്പോൾ സ്ഥാപനമേധാവിയിൽ നിന്നും ലോൺ നൽകിയത് സംബന്ധിച്ച രേഖകൂടി ഹാജരാക്കണം. മറ്റെല്ലാ കാർഷികാവശ്യ സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പവും ആ പ്രദേശത്തെ അധികാരപ്പെട്ട കൃഷി ഓഫീസറിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റു കൂടി ഹാജരാക്കണം.

(5) എക്സ്റേ, സി.റ്റി. യൂണിറ്റുകൾ, ഫ്ളൂറോ ഇമേജ് ഇന്റൻസിഫൈയർ, മാമ്മോഗ്രാഫി തുടങ്ങിയ റേഡിയേഷൻ ഉണ്ടാക്കുന്ന ഉപകരണങ്ങൾക്ക് വൈദ്യുതി കണക്ഷനുവേണ്ടി ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ നിന്നുള്ള ക്ലിയറൻസ് ഹാജരാക്കണം.

9 നഷ്ടോത്തരവാദ ബോണ്ട് (ഇൻഡമിനിറ്റി ബോണ്ട് ) ആവശ്യമെങ്കിൽ

കെട്ടിട, വസ്തു ഉടമകളിൽ നിന്ന് മതിയായ സമ്മതപത്രം ഹാജരാക്കാൻ സാധിക്കാത്തവർ 100 രൂപയുടെ മുദ്രപത്രത്തിൽ നഷ്ടോത്തരവാദ ബോണ്ട് (ഇൻഡമിനിറ്റി ബോണ്ട് ) നൽകണം.

10 വിലാസമെഴുതി സ്റ്റാമ്പ് പതിപ്പിച്ച എൻവലപ്പ് / ആവശ്യമായ സ്റ്റാമ്പ് പതിപ്പിച്ച പോസ്റ്റ് കാർഡ്. (അച്ചടിയുള്ള പോസ്റ്റ് കാർഡിന് ബാധകമായത്)

**ഹൈടെൻഷൻ/എക്സട്രാ ഹൈടെൻഷൻ സർവ്വീസ് കണക്ഷന് അധികമായി നൽകേണ്ട രേഖകൾ.**

മുകളിൽ പറഞ്ഞിട്ടുള്ള രേഖകൾക്കു പുറമേ ഹൈടെൻഷൻ / എക്സ്ട്രാ ഹൈടെൻഷൻ സർവ്വീസ് കണക്ഷന് അപേക്ഷിക്കുമ്പോൾ താഴെ പറയുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്.

11 സർവ്വീസ് കണക്ഷനുള്ള ഉടമ്പടി

12 അംഗീകരിച്ച സ്കീമാറ്റിക്ക് ഡയഗ്രം (രേഖാചിത്രം) ഉൾപ്പെടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ എനർജൈസേഷൻ അനുമതി.

13 റ്റി.എം.ആർ.ഡിവിഷനിൽ നിന്ന് നൽകിയ സി.റ്റി./പി.റ്റി, റ്റി.ഒ.ഡി.മീറ്ററുകളുടെ ടെസ്റ്റ് റിപ്പോർട്ട്.

**അപേക്ഷാഫോറം നൽകലും രജിസ്ട്രേഷനും**

1 പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും റിസപ്ഷൻ / എൻക്വയറി കൗണ്ടറിൽ അധികാരപ്പെട്ട ബോർഡ് ഉദ്യോഗസ്ഥന് നേരിട്ട് കൈമാറുകയോ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കുകയോ ചെയ്യാം.

2 രേഖകളുടെ പരിശോധനയ്ക്ക് ശേഷം അപേക്ഷാ ഫീസ് സ്വീകരിക്കുന്നതാണ്. രജിസ്റ്റേർഡ് തപാലിൽ അപേക്ഷ അയയ്ക്കുന്നവർ ആവശ്യമായ അപേക്ഷാ ഫീസ് ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എടുത്ത ക്രോസ്സ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന അടയ്ക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾ ഡി.ഡി. നമ്പർ അപേക്ഷാഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

3 അപേക്ഷ സ്വീകരിച്ച ശേഷം ഒരു ടോക്കൺ നമ്പർ അപേക്ഷകന് നൽകുന്നതായിരിക്കും.

4 പോസ്റ്റ്, സപ്പോർട്ട് പോസ്റ്റ്, ഫേസ് കൂട്ടിച്ചേർക്കൽ, ഇവ വേണ്ടാത്ത വെതർപ്രൂഫ് സർവ്വീസ് കണക്ഷനുകൾക്ക്, കരുതൽ തുക, സർവ്വീസ് കണക്ഷൻ ചാർജ്ജ് ഒ.വൈ.ഇ.സി, എന്നിവ അപേക്ഷാ ഫീസിനോടൊപ്പം അടയ്ക്കാൻ സാധിക്കുന്നതാണ്. മറ്റു അപേക്ഷകർക്ക് സി.ഡി., സർവ്വീസ് കണക്ഷൻ ചാർജ്ജ് /ഒ.വൈ.ഇ.സി. തുക എന്നിവ അടയ്ക്കാനുള്ള അറിയിപ്പ് സ്ഥലപരിശോധനക്ക് ശേഷം തപാലിൽ നൽകുന്നതാണ്.

**സർവ്വീസ് കണക്ഷൻ നൽകൽ**

1 സർവ്വീസ് കണക്ഷൻ അതാത് വിഭാഗത്തിലെ രജിസ്ട്രേഷന്റെ മുൻഗണനാക്രമത്തിൽ നൽകുന്നതായിരിക്കും.

2 പോസ്റ്റ്, സപ്പോർട്ട് പോസ്റ്റ്, ഫേസ് കൂട്ടിച്ചേർക്കൽ, ഇവ വേണ്ടാത്ത വെതർപ്രൂഫ് സർവ്വീസ് കണക്ഷനുകൾ മറ്റ് അപേക്ഷകർ മുൻഗണനാലിസ്റ്റിൽ ഇല്ലെങ്കിൽ അപേക്ഷകൻ നൽകിയ വിവരങ്ങൾ സ്വീകരിച്ചു കൊണ്ട് നൽകുന്നതാണ്. എന്നാൽ സമ്മതം, അനുമതി എന്നിവ വേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഉത്തരവ് കിട്ടിയ ശേഷം മാത്രമേ സർവ്വീസ് കണക്ഷൻ നൽകുകയുള്ളൂ. ഇതുമൂലമുള്ള കാലതാമസം, ചെലവ് ഇവ ഉപഭോക്താവ് വഹിക്കേണ്ടിവരും.

3 ഫേസ് കൂട്ടിച്ചേർക്കൽ, ലൈൻ നിർമ്മാണം, പോസ്റ്റ് / സപ്പോർട്ട് പോസ്റ്റ് ഇവ വേണ്ട സന്ദർഭത്തിൽ മുൻഗണന അനുസരിച്ച് സ്ഥലം സന്ദർശിച്ച ശേഷവും സമ്മതപത്രം, അനുമതി, ഇവ ലഭിക്കേണ്ടതുണ്ടെങ്കിൽ അതു ലഭിച്ച ശേഷവും മാത്രമേ സർവ്വീസ് കണക്ഷൻ നൽകുകയുള്ളൂ. ഇതു മൂലമുള്ള കാലതാമസം. ചെലവ് എന്നിവ ഉപഭോക്താവ് വഹിക്കേണ്ടതാണ്.

4 അപേക്ഷ നിരസിക്കുകയോ ആവശ്യപ്പെട്ട പ്രകാരം കണക്ഷൻ നൽകാൻ ബോർഡിന് കഴിയാതെ വരുകയോ ചെയ്താൽ ആ വിവരം അപേക്ഷകനെ തപാലിലൂടെ അറിയിക്കുന്നതും കരുതൽ തുക തിരിച്ച് നൽകുന്നതും ആണ്.